LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. യു.എസ്. ശശി :

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം എത്ര ജില്ലകളിൽ നടന്നു വരുന്നുണ്ട്; എവിടെയെല്ലാം എന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ശതമാനം ആളുകൾ ജലഗതാഗത മാർഗ്ഗം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജലഗതാഗത വകുപ്പിന്റെ കീഴിൽ എത്ര ബോട്ടുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) വർദ്ധിച്ചു വരുന്ന ആവശ്യം പരിഗണിച്ച് ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം, കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ആറു ജില്ലകളിൽ ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം നടന്നു വരുന്നു.

(ബി) ഡിപ്പാർട്ടുമെന്റ് സർവ്വീസ് നടത്തുന്ന ആറു ജില്ലകളിലെ ജനസംഖ്യയുടെ 42.85 ശതമാനം ജലഗതാഗത മാർഗ്ഗം ഉപയോഗപ്പെടുത്തുന്നതായി കണക്കാക്കിയിരിക്കുന്നു.

(സി) ജലഗതാഗത വകുപ്പിന്റെ കീഴിൽ ഇപ്പോൾ 63 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ഡി) കോഴിക്കോട് ജില്ലയിലെ ചാലിയം-ബേപ്പൂർ ബോട്ട് സർവ്വീസ് ജലഗതാഗതവകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. വടക്കേ മലബാറിലെ സുൽത്താൻ കനാലിൽ പറശ്ശിനി കോട്ടപ്പുറം റൂട്ടിൽ ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. എറണാകുളം മേഖലയിലെ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് പുതിയ മൂന്ന് ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. സർവ്വീസുകൾ കാര്യക്ഷമമാക്കുന്നിന് പരീക്ഷണം എന്ന നിലയിൽ ഒരു സ്റ്റീൽ ബോട്ട് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി കഴിഞ്ഞു. പഴയ എഞ്ചിനുകൾ മാറ്റി പുതിയവ ഘടിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം 12 ലെയ്ലാന്റ് എഞ്ചിനുകളും 5 ഹീറോ എഞ്ചിനുകളും വാങ്ങി ഫിറ്റ് ചെയ്തിട്ടുണ്ട്. ഈ വർഷം പുതിയ 12 ലെയ്ലാന്റ് എഞ്ചിനുകൾ വാങ്ങുവാനുള്ള നടപടി പൂർത്തിയാക്കി വരുന്നു.

79 (371) ജലഗതാഗത ഓഫീസിന് സ്വന്തമായി കെട്ടിടം

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ-തൃക്കരിപ്പൂർ-ഹോസ്ദുർഗ്ഗ് നിയോജക മണ്ഡലങ്ങളെ ബന്ധപ്പെടുത്തി സർവ്വീസ് നടത്തിവരുന്ന കൊറ്റി-കോട്ടപ്പുറം ജലഗതാഗത സർവ്വീസുമായി ബന്ധപ്പെട്ട ഓഫീസ് ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഓഫീസ് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള എന്തെങ്കിലും നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട ജലഗതാഗത വകുപ്പിന്റെ മേഖലാ ഓഫീസ് ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും 10 സെന്റ് സ്ഥലം നൽകാൻ കഴിയുമോ എന്ന് പൊതുമരാമത്ത് വകുപ്പിനോട് ആരാഞ്ഞിരിക്കുകയാണ്. കൂടാതെ തളിപ്പറമ്പ് താലൂക്കിൽ പയ്യന്നൂർ വില്ലേജിൽപ്പെട്ട പുഴ പുറമ്പോക്ക് ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിനും ശ്രമിച്ചു വരുന്നു. ഭൂമി ലഭിച്ചാൽ ഉടൻതന്നെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആരംഭിക്കും.

80 (372) റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുവത്തൂർ, തൃക്കരിപ്പൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ റെയിൽവേ വകുപ്പിന് ഡെപ്പോസിറ്റായി നൽകാനുള്ള തുക നൽകിയിട്ടുണ്ടെങ്കിൽ വിശദവിരം അറിയിക്കുമോ;

(സി) ഈ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുവത്തൂർ-തൃക്കരിപ്പൂർ റെയിൽവേസ്റ്റേഷനുകൾക്കിടയിൽ ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മാണത്തിനായി റെയിൽവേ അധികൃതരുടെ എസ്റ്റിമേറ്റ് പ്രകാരം 96,33,180 രൂപ 20.3.99-ൽ റെയിൽവേ വകുപ്പിനു നൽകിയിട്ടുണ്ട്.

(സി) എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ വ്യക്തമായി പറയാൻ കഴിയുകയില്ല.

81 (373) ചാർജ് കുറയ്ക്കുവാൻ നടപടി

ശ്രീ. കെ. ബാബു :

LIBRARY ARCHIVES Kerala Legislative Assembly